**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5644** **08-07-2024 - ൽ മറുപടിയ്ക്ക്**

**ബോംബ് നിർമ്മാണം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തലശ്ശേരി എരഞ്ഞോളിയിലെ ആളൊഴിഞ്ഞ പറമ്പിൽ നിന്നും കിട്ടിയ സ്റ്റീൽ ബോംബ് പൊട്ടി ഒരാൾ മരിക്കാനിടയായ സംഭവത്തിലെ പോലീസ് അന്വേഷണം നിലവിൽ ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ; | (എ) | തലശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ. 607/24 U/s 3 & 5 of Explosive Substance Act & 174 CrPC ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പോലീസ് ഊർജ്ജിതമായി അന്വേഷണം നടത്തി വരുന്നു. |
| (ബി) | ആളൊഴിഞ്ഞ പറമ്പിൽ ബോംബ് കൊണ്ടുവച്ചവരെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉത്തരം (A) യിൽ ചേർത്തിരിക്കുന്നു. |
| (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ആളൊഴിഞ്ഞ പറമ്പുകളും, വീടുകളും കേന്ദ്രീകരിച്ച് റെയ്ഡുകളും ഡോഗ് സ്ക്വാഡുകളെ ഉപയോഗിച്ച് പരിശോധനയും നടത്തി വരുന്നു. |
| (ഡി) | ആൾപാർപ്പില്ലാത്ത വീടുകളിലും വിജനമായ സ്ഥലങ്ങളിലും ബോംബുകൾ ശേഖരിച്ചിട്ടുണ്ടോ എന്ന് പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ എവിടെ നിന്നെല്ലാം ബോംബ് ശേഖരം കണ്ടെത്താനായിട്ടുണ്ട്; വിശദമാക്കുമോ? | (ഡി) | കണ്ണൂർ സിറ്റി ജില്ലാ പരിധിയിൽ കഴിഞ്ഞ അഞ്ച് മാസങ്ങളിലായി 488 സ്ഥലങ്ങളിൽ റെയ്ഡ് നടത്തിയിട്ടുണ്ട്. റെയ്ഡിൽ കൂത്തുപറമ്പ പോലീസ് സ്റ്റേഷൻ പരിധിയിലെ ആമ്പിലാട് പരിസരത്തുള്ള ആളൊഴിഞ്ഞ പറമ്പിൽ നിന്നും രണ്ട് നാടൻ ബോംബുകൾ കണ്ടെത്തിയിട്ടുണ്ട്. ആയതിന് കൂത്തുപറമ്പ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 550/24 U/s 4 of ES Act ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ